വെള്ളക്കരത്തിലുണ്ടായ വർദ്ധനവ്

240 (929) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വെള്ളക്കരം വർദ്ധിപ്പിച്ചുവെന്നും നിരക്ക് വർദ്ധിപ്പിച്ചപ്പോൾ ഓരോ സ്ലാബിനുമുള്ള വർദ്ധനവ് എത്ര വീതമാണ്എന്നും ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം ഉണ്ടായിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പ്രാവശ്യം 25-9-2014-ൽ മാത്രമാണ് കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത്. പുതുക്കിയ നിരക്കനുസരിച്ച് ശരാശരി വർദ്ധനവ് താഴെപ്പറയുന്നു:

15 കി.ലി. വരെ വർദ്ധനവ് ഇല്ല

15 കി.ലി. മുതൽ 20 കി.ലി. വരെ 35.24 ശതമാനം

20 കി.ലി. മുതൽ 25 കി.ലി. വരെ 49.48 ശതമാനം

25 കി.ലി. മുതൽ 30 കി.ലി. വരെ 82.86 ശതമാനം

30 കി.ലി. മുതൽ 40 കി.ലി. വരെ 112.25 ശതമാനം

40 കി.ലി. മുതൽ 50 കി.ലി. വരെ 98.46 ശതമാനം

50 കി.ലി. മുകളിൽ കിലോ ലിറ്ററിന് ഏകദേശം 60 ശതമാനം വരെ

ടി വർദ്ധനവുകൊണ്ട് പ്രതിമാസം ഏകദേശം 15 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു.എസ്.എ.-യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം

241 (930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസി (കെ.ആർ. ഡബ്ല്യു.എസ്.എ.) യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly